"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത് ട്രാപ് കേസ് നം.വി.സി 06/2024/എം.പി.എം - കുറ്റാരോപിതനായ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1783/2025/LSGD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.06.2024 തീയതിയിലെ C5-(VC 06/2024/MPM) 23402/2024/DVACB നമ്പർ കത്ത്.
2. ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി-യ്ക്ക് നൽകിയ 29.09.2024 തീയതിയിലെ ഇയു4/146/2024-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി സമർപ്പിച്ച 12.02.2025 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.04.2025 തീയതിയിലെ LSGD/PD/20755/2024-VIGD3 നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ഉണ്ണികൃഷ്ണൻ.എം.പി-യ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.സി 06/2024/എം.പി.എം നമ്പർ ട്രാപ് കേസ് രജിസ്റ്റർ ചെയ്യുകയും പരാതിക്കാരനിൽ നിന്നും 29.05.2024 തീയതിയിൽ 2000/- രൂപ കൈക്കൂലി കൈപ്പറ്റിയ വേളയിൽ ടിയാനെ പെരിന്തമണ്ണ മുനിസിപ്പാലിറ്റി ഓഫീസ് പരിസരത്ത് നിന്ന് അറസ്റ്റ് ചെയ്തിട്ടുള്ളതായും വിജിലൻസ് ഡയറക്ടർ പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2024- തീയതിയിലെ LSGD/PD/20755/2024-VIGD3 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ 29.05.2024 തീയതി അപരാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും നിലവിൽ സസ്പെൻഷനിൽ തുടരുകയുമാണ്.

2. മേൽ വിഷയത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ. എം.പി-യ്ക്കതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോ 31.01.2025 തീയതിയിൽ കൈപ്പറ്റുകയും ആയതിന് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ. ഉണ്ണികൃഷ്ണൻ. എം.പി സമർപ്പിച്ച മറുപടിയും പ്രിൻസിപ്പൽ ഡയറക്ടറുടെ

റിപ്പോർട്ടും പരിഗണിച്ചതിൽ ടിയാന്റെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകേണ്ടതും KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരം ടിയാൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

3. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം.വി.സി 06/2024/എം.പി.എം -ൽ അറസ്റ്റിലായി നിലവിൽ സസ്പെൻഷനിൽ തുടരുന്ന റവന്യൂ ഇൻസ്പെക്ടർ ശ്രീ. ഉണ്ണികൃഷ്ണൻ. എം.പി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ടിയാൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ , മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ. ഉണ്ണികൃഷ്ണൻ. എം.പി, മുൻ റവന്യൂ ഇൻസ്പെക്ടർ(നിലവിൽ സസ്പെൻഷനിൽ)( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/146/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-07-2025 15:49:48
സെക്ഷൻ ഓഫീസർ